പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 110 — 01-12-2014-ൽ മറുപടിയ്ക്ക്

## ബാറുകളുടെ നിലവാരം

ചോദ്യം: — ഉത്തരം:

ശ്രീ. രാജു എബ്രഹാം — ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പൂട്ടിയ 418 ബാറുകളുടെ നിലവാരം പരിശോധിക്കാൻ തീരുമാനിച്ചിരുന്നോ; നിലവാരം പരിശോധിക്കാൻ ഏർപ്പെടുത്തിയ മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു; മാനദണ്ഡങ്ങൾക്ക് രൂപം നൽകിയതാരാണ്; | (എ) | സംസ്ഥാനത്ത് പൂട്ടിയ 418 ബാറുകളുടെ നിലവാരം പരിശോധിക്കുന്നതിനായി ബഹു.ഹൈക്കോടതിയുടെ 14.8.2014-ലെ ഡബ്ല്യൂ.എ നം.1121/2014 തുടങ്ങിയ കേസ്സുകളിന്മേൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനിച്ചിരുന്നു. കേന്ദ്ര ടൂറിസം മന്ത്രാലയം രൂപം നൽകിപ്പുറപ്പെടുവിച്ച ടു സ്റ്റാർ ക്ലാസിഫിക്കേഷന്റെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പരിശോധന. |
| (ബി) | പരിശോധനയിൽ മാനദണ്ഡങ്ങൾ എല്ലാം പാലിക്കപ്പെട്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ട ബാറുകളുടെ എണ്ണം എത്ര; അല്ലാത്തവയുടെ എണ്ണം എത്ര; | (ബി) | തുടർന്നുള്ള കോടതി ഉത്തരവുകളുടെ വെളിച്ചത്തിൽ നിലവാരപരിശോധന പൂർത്തിയാക്കിയിട്ടില്ലാത്തതാണ്. |
| (സി) | പരിശോധനയ്ക്കായി ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ; | (സി) | എക്സൈസ് സർക്കിൾ ഇൻസ്പെക്ടറും അതിനു മുകളിലോട്ടുള്ള എക്സൈസ് ഉദ്യോഗസ്ഥരുടെ ഓരോ സംഘത്തെയും ഉപയോഗിച്ചുള്ള സംവിധാനമാണ് പരിശോധനയ്ക്കായി ഏർപ്പെടുത്തിയത്. |
| (ഡി) | അടച്ചുപൂട്ടിയ ബാറുകൾക്ക് ലൈസൻസ് പുതുക്കിക്കൊടുക്കാതിരുന്നതിന്റെ കാരണങ്ങൾ എന്തെല്ലാം; സി ആന്റ് എ.ജി ചൂണ്ടിക്കാട്ടിയ | (ഡി) | സി ആന്റ് എ.ജി റിപ്പോർട്ടിൽ പ്രതിപാദിച്ച ബാർ ഹോട്ടലുകൾക്കെതിരെ നടപടിയെടുക്കാത്തതിനെപ്പറ്റി ബഹു.സുപ്രീം കോടതി പരാമർശിച്ചതിന്റെ അടിസ്ഥാനത്തിലാണ് ടി ബാറുകളുടെ |

| | | | |
|---|---|---|---|
| | ന്യൂനതകൾ എന്തെല്ലാം; ഈ വിഷയത്തിൽ സുപ്രീം കോടതി നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നുയെന്നും ഇവയെല്ലാം ഇപ്പോഴും പ്രസ്തുത ബാറുകളുടെ കാര്യത്തിൽ നിലനിൽക്കുണ്ടോയെന്നും വ്യക്തമാക്കാമോ ? | | ലൈസൻസ് പുതുക്കി നൽകാതിരുന്നത്. സംസ്ഥാനത്തെ 418 ബാർ ഹോട്ടലുകൾക്ക് സൗകര്യങ്ങളില്ലായെന്നും ഇത്തരം ഹോട്ടലുകൾക്ക് ലൈസൻസ് 2007 വർഷത്തിൽ ക്രമീകരിച്ചു നൽകിയത് തെറ്റാണെന്ന് സി ആന്റ് എ.ജി ചൂണ്ടിക്കാണിച്ചിരുന്നു. ഇത്തരത്തിൽ ക്രമീകരിച്ച് നൽകിയ നിലവാരമില്ലാത്ത ഹോട്ടലുകൾക്കെതിരെ സർക്കാർ നടപടിയെടുക്കുന്നതുവരെ 4 സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകാതിരിക്കരുത് എന്ന് ബഹു.സുപ്രീംകോടതി നിർദ്ദേശിച്ചിരുന്നു. ഇവയെല്ലാം ഇപ്പോഴും പ്രസ്തുത ബാറുകളുടെ കാര്യത്തിൽ നിലനിൽക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ